# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173 — 25.03.2013-ൽ മറുപടിയ്ക്ക്

## <u>മുന്നോക്ക സമുദായ കമ്മീഷൻ</u>

| | **ചോദ്യം**<br>ശ്രീ. കെ. മുരളീധരൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, കെ. അച്ചുതൻ | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുന്നോക്ക സമുദായ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 11.03.2013-ൽ സ.ഉ.(എം.എസ്) 67/2013/പൊഭവ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷൻ എന്ന പേരിൽ ഒരു സ്ഥിരം സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അപഗ്രഥിക്കുന്നതിനും ക്ഷേമ കാര്യങ്ങൾ ശുപാർശ ചെയ്യുന്നതിലേക്കുമായി കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷൻ എന്ന പേരിൽ ഒരു. സ്ഥിരം കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിനായി നിയമിച്ചിരുന്ന ഡോ. വി. എം. ഗോപാല മേനോൻ ഐ.എ.എസ്, സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മുന്നോക്ക സമുദായങ്ങളെ കണ്ടെത്തുന്നതിനായാണ് കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷൻ രൂപീകരിച്ചത്. |
| (സി) | കമ്മീഷനെ സ്ഥിരം സ്റ്റാറ്റ്യൂട്ടറി കമ്മീഷനാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) | സുപ്രീംകോടതിയിലെയോ, ഹൈക്കോടതിയിലെയോ നിലവിലുള്ള ജഡ്ജിയെയോ മുൻ ജഡ്ജിയെയോ ചെയർമാനായും പൊതു ഭരണ വകുപ്പ് സെക്രട്ടറിയെ എക്സ് ഒഫീഷ്യോ മെമ്പർ സെക്രട്ടറിയായും മുന്നോക്ക സമുദായങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിപുണരായ രണ്ട് മുന്നോക്ക സമുദായാംഗങ്ങളെ മെമ്പർമാരായുമുള്ള ഘടന പ്രകാരമാണ് മുന്നോക്ക സമുദായ കമ്മീഷൻ എന്ന സ്ഥിരം സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ രൂപീകരിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കമ്മീഷന്റെ ചെയർമാനെയും മെമ്പർമാരെയും നിയമിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ടി കമ്മീഷന്റെ നിയമവും ചട്ടങ്ങളും രൂപീകരിക്കുന്നതിനായി നിയമ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ